# പതിനഞ്ചാം കേരള നിയമസഭ

പതിനാലാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2025 സെപ്റ്റംബർ 16, ചൊവ്വ

**നമ്പർ 182**

രാവിലെ 9.00 മണിക്ക് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ അഞ്ച് ചോദ്യങ്ങൾ സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

ചരമോപചാരം :

മുൻ മന്ത്രിയായ സി.വി.പദ്മരാജൻ, മുൻ എം.എൽ.എ. യും രാജ്യസഭാംഗവുമായ തെന്നല ബാലകൃഷ്ണപിള്ള, മുൻ എം.എൽ.എ. യും സാഹിത്യകാരനുമായ പ്രൊഫ. എം. കെ. സാനു, മുൻ എം.എൽ.എ. മാരായ പി.ജെ. ഫ്രാൻസിസ്, എം. നാരായണൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച് സ്പീക്കർ റഫറൻസ് നടത്തി. അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി അംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.

ചെയർപേഴ്സൺമാരുടെ പാനൽ :

നടപ്പുസമ്മേളനത്തിലെ ചെയർപേഴ്സൺമാരുടെ പാനലിലേക്ക് താഴെപ്പറയുന്ന അംഗങ്ങളെ നാമനിർദേശം ചെയ്തു.

1. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
2. ശ്രീ. വി. ആർ. സുനിൽ കുമാർ
3. ശ്രീ. കുറുക്കോളി മൊയ്തീൻ

നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം:

യൂത്ത് കോൺഗ്രസ് ചൊവ്വന്നൂർ മണ്ഡലം പ്രസിഡന്റ് സുജിത്തിനെ കുന്നംകുളം പൊലീസ് അതിക്രൂരമായി മർദ്ദിക്കുന്ന വീഡിയോ അടക്കം സംസ്ഥാനത്ത് പോലീസ്

ലോക്കപ്പ് മർദ്ദനത്തിന്റെ നിരവധി പരാതികളും, ഞെട്ടിക്കുന്ന തെളിവുകളും പുറത്തു വന്നിട്ടും കുറ്റക്കാരായ പോലീസുകാരെ സർവ്വീസിൽ നിന്നും പിരിച്ചുവിടുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കാൻ തയ്യാറാകാത്തതായി പറയപ്പെടുന്ന സർക്കാർ നടപടി സഭ നിർത്തിവച്ചു ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. റോജി എം. ജോണും മറ്റ് അഞ്ച് അംഗങ്ങളും സഭാ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഒരു ഉപക്ഷേപത്തിന് നോട്ടീസ് നൽകിയിരുന്നു. ഉപക്ഷേപം ചർച്ചയ്ക്കെടുക്കാവുന്നതാണെന്ന് മുഖ്യമന്ത്രി സന്നദ്ധത പ്രകടിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉപക്ഷേപം ഉച്ചയ്ക്ക് 12.00 മണിയ്ക്ക് പരിഗണിക്കുന്നതാണെന്ന് സ്പീക്കർ സഭയെ അറിയിച്ചു.

ഈ നോട്ടീസ് അവതരിപ്പിച്ചതിലൂടെ ചട്ടം 50 പ്രകാരമുള്ള ചർച്ച നടത്തിയിട്ടുള്ളതിൽ 15-ാം കേരള നിയമസഭ ഒരു സർവ്വകാല റെക്കോർഡ് സ്ഥാപിച്ചിരിക്കെയാണെന്നും, പതിനഞ്ചാം കേരള നിയമസഭയുടെ കാലയളവിൽ ചട്ടം 50 പ്രകാരം ഈ നോട്ടീസ് ഉൾപ്പെടെ ആകെ 14 നോട്ടീസുകൾ നടപടികൾ നിർത്തിവെച്ച് ചർച്ചചെയ്തിട്ടുണ്ടെന്നും 1-ാം കേരള നിയമസഭ മുതൽ 14 -ാം കേരള നിയമസഭ വരെ ആകെ 30 തവണയാണ് ചട്ടം 50 ന്റെ അടിസ്ഥാനത്തിലുള്ള ചർച്ച നടത്തിയിട്ടുള്ളതെന്നും ആയതുമായി താരതമ്യം ചെയ്യുമ്പോൾ കേരള നിയമസഭയുടെ കാലയളവിലെ ഒരു അപൂർവ്വ നേട്ടമായി ഇക്കാര്യം പരിഗണിക്കാമെന്നും സ്പീക്കർ സഭയെ അറിയിച്ചു.

<u>ശ്രദ്ധ ക്ഷണിക്കൽ :</u>

(1) ഇന്ത്യൻ ഉൽപ്പന്നങ്ങൾക്കുമേൽ അമേരിക്ക 50% അധിക ഇറക്കുമതി തീരുവ ചുമത്തിയ സാഹചര്യത്തിൽ കേരളത്തിൽ നിന്നുള്ള മത്സ്യ-കാർഷികോൽപ്പന്ന സംസ്കരണം, കയർ, കശുവണ്ടി, കൈത്തറി തുടങ്ങിയ പരമ്പരാഗത മേഖലകൾ, മറ്റ് ഉൽപ്പാദന-വിപണന മേഖലകൾ എന്നിവയിൽ ഉണ്ടാകാനിടയുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. പി. പി. ചിത്തരഞ്ജൻ ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. ധനകാര്യ വകുപ്പുമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

(2) സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ പരിധിയിൽ വരുന്ന പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന അർഹരായ കൈവശക്കാർക്ക് പട്ടയം അനുവദിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. സനീഷ്കുമാർ ജോസഫ് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:</u>

| നം. | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | ശ്രീ. സി.എച്ച്. കുഞ്ഞമ്പു | കാസർഗോഡ് ജില്ലയിലെ കടലാക്രമണം | ജലവിഭവ വകുപ്പുമന്ത്രി |
| 2. | ശ്രീ. പി.നന്ദകുമാർ | ടെക്സ്റ്റൈൽ വ്യവസായ മേഖലയിലെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിൽ വ്യവസായ വകുപ്പിന്റെ ഇടപെടൽ | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 3. | ശ്രീ. കെ. വി. സുമേഷ് | അഴിക്കോട് നീർക്കടവിൽ ഫിഷ് ലാൻഡിംഗ് സെന്റർ ആരംഭിക്കുന്നതിന് നടപടി | മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി |
| 4. | ഡോ.സുജിത് വിജയൻപിള്ള | മത്സ്യബന്ധനത്തിനിടയിൽ ഹൃദയാഘാതം വന്ന് മരണപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ധനസഹായം | മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി |
| 5. | ശ്രീ.എം.രാജഗോപാലൻ | ചെറുവത്തൂർ ടെക്നിക്കൽ ഹൈസ്കൂൾ കാമ്പസിൽ ഗവ.എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കുന്നതിന് നടപടി | ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 6. | ശ്രീ. എം. വിജിൻ | അധ്യാപകർക്കുള്ള K-TET പരീക്ഷ സംബന്ധിച്ച ആശങ്ക | പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പുമന്ത്രി |
| 7. | ശ്രീ. പി.ടി.എ. റഹീം | കോഴിക്കോട് ചെറൂപ്പ സി.എച്ച്.സി.യുടെ പ്രവർത്തനം | ആരോഗ്യ, വനിത ശിശുവികസന വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>മേശപ്പുറത്തു വച്ച കടലാസ്സുകൾ :</u>

താഴെപറയുന്ന ഓർഡിനൻസ് മേശപ്പുറത്തു വച്ചു.

| ക്രമ നമ്പർ | ഓർഡിനൻസ് | | |
|---|---|---|---|
| | വർഷം | നമ്പർ | പേര് |
| 1. | 2025 | 1 | 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി ഓർഡിനൻസ് |

<u>സമയം ദീർഘിപ്പിക്കുന്നതിനുള്ള ഉപക്ഷേപം :</u>

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി 2023 - ലെ കേരള പൊതുരേഖ ബില്ലിനെ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയ പരിധി ദീർഘിപ്പിക്കണമെന്ന ഉപക്ഷേപം അവതരിപ്പിച്ചു. ഉപക്ഷേപം പിന്താങ്ങപ്പെട്ടു.

റിപ്പോർട്ടുകളുടെ സമർപ്പണം:

(i) കാര്യോപദേശക സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് മുഖ്യമന്ത്രി സമർപ്പിച്ചു.

(ii) 2023-ലെ കേരള പൊതുരേഖ ബില്ലിനെ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സമർപ്പിച്ചു.

റിപ്പോർട്ട് പരിഗണന:

കാര്യോപദേശക സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കുവാൻ അനുവാദം :

പതിനാലാം സമ്മേളന കാലയളവിൽ സഭയിൽ ഹാജരാകാതിരിയ്ക്കുന്നതിന് ചട്ടം 170 (1) അനുസരിച്ച് ശ്രീമതി കാനത്തിൽ ജമീല സമർപ്പിച്ചിരുന്ന അപേക്ഷ സ്പീക്കർ സഭയിൽ വായിച്ചു. ശ്രീമതി കാനത്തിൽ ജമീലയ്ക്ക് നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കുന്നതിന് സഭ അനുവാദം നൽകി.

നിയമനിർമ്മാണ കാര്യം :

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഉപക്ഷേപങ്ങളും :

i) 2024-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ :

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ 2024-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ അവതരിപ്പിച്ചു. തുടർന്ന്, പ്രസ്തുത ബിൽ സാമ്പത്തികകാര്യം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിച്ചു.ഉപക്ഷേപം പിന്താങ്ങപ്പെട്ടു. 2024-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1എ ഭേദഗതി ശ്രീ. മുരളി പെരുനെല്ലിയും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2ബി ഭേദഗതി ശ്രീ. ടി. ജെ. വിനോദും അവതരിപ്പിച്ച് സംസാരിച്ചു. മന്ത്രിയുടെ മറുപടിയ്ക്കുശേഷം 1എ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും 2ബി ഭേദഗതി സഭ തള്ളുകയും തുടർന്ന് ബിൽ സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം പാസ്സാക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റി VIII- ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

ii) <u>2025 -ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ:</u>

രജിസ്ട്രേഷൻ,മ്യൂസിയം,ആർക്കിയോളജി വകുപ്പ് മന്ത്രി ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി ചട്ടം 69 (5) ലെ വ്യവസ്ഥകൾ താത്കാലികമായി സസ്പെന്റ് ചെയ്യണമെന്ന ഉപക്ഷേപം അവതരിപ്പിച്ചു. ഉപക്ഷേപം പിന്താങ്ങപ്പെട്ടു. തുടർന്ന് 2025 -ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ അവതരിപ്പിക്കുകയും ബിൽ സാമ്പത്തികകാര്യം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുകയും ചെയ്തു. 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 എ ഭേദഗതി ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. കടകംപള്ളി സുരേന്ദ്രനും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 ബി ഭേദഗതി ശ്രീ. എം. രാജഗോപാലനും അവതരിപ്പിച്ചു സംസാരിച്ചു.

(നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം ചർച്ചയ്ക്കെടുത്തു.)

<u>നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച :</u>

“ സഭ ഇപ്പോൾ നിർത്തിവയ്ക്കുന്നു" എന്ന ഉപക്ഷേപം ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ചു സംസാരിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. ഇ. ചന്ദ്രശേഖരൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ഡോ. എൻ. ജയരാജ്

ഡോ. കെ. ടി. ജലീൽ

ശ്രീമതി കെ. കെ. രമ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. കെ. പി. കുഞ്ഞഹമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. കെ. വി. സുമേഷ്

ശ്രീ. വി. ഡി. സതീശൻ, പ്രതിപക്ഷ നേതാവ്.

മുഖ്യമന്ത്രി ചർച്ചയ്ക്ക് മറുപടി നൽകി.

(ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭ ബഹിഷ്കരിക്കുകയും പ്രതിപക്ഷ കക്ഷികളിൽപ്പെട്ട രണ്ടംഗങ്ങൾ സഭാ കവാടത്തിൽ അനിശ്ചിതകാല സത്യഗ്രഹം അനുഷ്ഠിക്കുമെന്ന് പ്രതിപക്ഷ നേതാവ് അറിയിച്ചതിനെ തുടർന്ന് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ മുദ്രാവാക്യം വിളിക്കുകയും തുടർന്നുള്ള സഭാ നടപടികൾ ബഹിഷ്കരിച്ച് സഭയിൽ നിന്നിറങ്ങിപ്പോകുകയും ചെയ്തു. )

നടപടികൾ നിർത്തിവെയ്ക്കുന്നതിനുള്ള ഉപക്ഷേപം സഭ തള്ളി.

<u>നിയമനിർമ്മാണ കാര്യം (തുടർച്ച) :</u>

<u>2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും:</u>

2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 ബി ഭേദഗതി ശ്രീ. എം. രാജഗോപാലനും 2 ബി ഭേദഗതിയെ പിന്താങ്ങി ശ്രീ. വി. ശശിയും സംസാരിച്ചു. മന്ത്രിയുടെ മറുപടിയ്ക്കുശേഷം 1 എ, 2 ബി ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ബിൽ സബ്ജക്ട് കമ്മിറ്റി VIII- ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം പാസ്സാക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റി VIII- ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

2025 സെപ്റ്റംബർ 17- ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്കുശേഷം 02.58- ന് സഭ പിരിഞ്ഞു.

ഡോ. എൻ. കൃഷ്ണ കുമാർ,
*സെക്രട്ടറി.*

**FIFTEENTH KERALA LEGISLATIVE ASSEMBLY**

**Fourteenth Session**

# BULLETIN — PART I

(Brief Record of Proceedings)

*Tuesday, September 16, 2025.*

**No.182**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Five Questions in the list of Questions posted for the day were answered orally.

*Obituary :*

The Speaker made references on the demise of C.V. Padmarajan, former Minister; Thennala Balakrishnapillai, former M.L.A. and Member of Rajya Sabha; Prof. M. K. Sanu, former M.L.A. and litterateur; P.J. Francis and M. Narayanan, former M.L.A.s. As a mark of respect to the deceased, the Members stood in silence for a while.

*Panel of Chairpersons :*

The following Members were nominated to the Panel of Chairpersons for the current Session of the Assembly.

1. Shri K. P. Kunhammed Kutti Master
2. Shri V. R. Sunil Kumar
3. Shri Kurukkoli Moideen

*Adjournment Motion (Rule 50):*

Shri Roji M. John and five other Members had given notice of an adjournment motion to discuss the reluctance of the Government to take action, including dismissal from service, against the accused police officers despite

numerous complaints and shocking evidences of police lock-up torture across the State, including the custodial torture of Sujith, the Youth Congress President of Chowannur, by the Kunnamkulam Police, the video footage of which had come out recently. As the Chief Minister expressed willingness to discuss the motion, the Speaker announced that the motion would be taken up at 12.00 noon. The Speaker pointed out that by admitting this notice of adjournment motion, $15^{th}$ Kerala Legislative Assembly has set an all-time record of discussing 14 notices under Rule 50, whereas only 30 such discussions were held in total from the $1^{st}$ Kerala Legislative Assembly to the $14^{th}$ Kerala Legislative Assembly, which the chair noted as a rare achievement.

*Calling Attention:*

1. Shri P. P. Chitharanjan called the attention of the Minister for Finance to the necessity to exert pressure on the Central Government to resolve the crisis reported to have arisen in the fisheries and agricultural products processing, traditional Sectors such as coir, cashew and handloom, and other production and marketing sectors in Kerala, due to the imposing of an additional 50% import tariff on Indian products by USA. The Minister for Finance made a statement in this regard.

2. Shri Saneeshkumar Joseph called the attention of the Minister for Revenue and Housing to the necessity to allocate pattah to eligible land holders residing in puramboke lands coming under the purview of various departments in the State. The Minister for Revenue and Housing made a statement in this regard.

*Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below:

| നം. | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | ശ്രീ. സി.എച്ച്. കുഞ്ഞമ്പു | കാസർഗോഡ് ജില്ലയിലെ കടലാക്രമണം | ജലവിഭവ വകുപ്പുമന്ത്രി |
| 2. | ശ്രീ. പി.നന്ദകുമാർ | ടെക്സ്റ്റൈൽ വ്യവസായ മേഖലയിലെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിൽ വ്യവസായ വകുപ്പിന്റെ ഇടപെടൽ | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 3. | ശ്രീ. കെ. വി. സുമേഷ് | അഴിക്കോട് നീർക്കടവിൽ ഫിഷ് ലാൻഡിംഗ് സെന്റർ ആരംഭിക്കുന്നതിന് നടപടി | മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി |
| 4. | ഡോ. സുജിത് വിജയൻപിള്ള | മത്സ്യബന്ധനത്തിനിടയിൽ ഹൃദയാഘാതം വന്ന് മരണപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ധനസഹായം | മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി |
| 5. | ശ്രീ. എം. രാജഗോപാലൻ | ചെറുവത്തൂർ ടെക്നിക്കൽ ഹൈസ്കൂൾ കാമ്പസിൽ ഗവ. എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കുന്നതിന് നടപടി | ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 6. | ശ്രീ. എം. വിജിൻ | അധ്യാപകർക്കുള്ള K-TET പരീക്ഷ സംബന്ധിച്ച ആശങ്ക | പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പുമന്ത്രി |
| 7. | ശ്രീ. പി. ടി. എ. റഹീം | കോഴിക്കോട് ചെറൂപ്പ സി.എച്ച്.സി.യുടെ പ്രവർത്തനം | ആരോഗ്യ, വനിത ശിശുവികസന വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Papers Laid on the Table:*

The following Ordinance was laid on the table.

| ക്രമ നമ്പർ | ഓർഡിനൻസ് | | |
|---|---|---|---|
| | വർഷം | നമ്പർ | പേര് |
| 1. | 2025 | 1 | 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി ഓർഡിനൻസ് |

*Motion for Extension of Time:*

The motion moved by Shri Ramachandran Kadannappally, Minister for Registration, Museums and Archaeology, for extension of time for the presentation of the Report of the Select Committee on the Kerala Public Records Bill, 2023, was seconded.

*Presentation of Reports:*

(i) The Seventeenth Report of the Business Advisory Committee was presented by the Chief Minister.

(ii) The Report of the Select Committee on the Kerala Public Records Bill, 2023 was presented by Minister for Registration, Museum and Archaeology.

*Consideration of Report:*

The House adopted the Seventeenth Report of the Business Advisory Committee.

*Leave of Absence:*

The Speaker read out an application from Smt. Kanathil Jameela for leave of absence from the sittings of the House during the Fourteenth Session under Rule 170(1). The House granted the leave.

*Legislative Business:*

Introduction and Motion for reference to Subject Committee of the following Bills:

i) The Kerala General Sales Tax (Amendment) Bill, 2024:

Shri K. N. Balagopal, Minister for Finance, introduced The Kerala General Sales Tax (Amendment) Bill, 2024. The Minister then moved the motion that the Bill be referred to the Subject Committee VIII on Economic Affairs. The motion was seconded. Shri Murali Perunelly moved 1A amendment to circulate the Bill for eliciting public opinion and Shri T. J. Vinod moved 2B amendment to refer the Bill to a Select Committee. After the reply by the Minister, the 1A amendment was withdrawn by the leave of the House and the 2B amendment was declared lost. Then the motion to refer the Bill to Subject Committee VIII was adopted, and the Bill was referred to Subject Committee VIII.

ii) The Kerala Societies Registration Bill, 2025:

Shri. Ramachandran Kadannappally, Minister for Registration, Museums and Archaeology, moved the motion that the provisions of Rule 69(5) of the Rules of Procedure and Conduct of Business in the Kerala Legislative Assembly be temporarily suspended. The motion was seconded. The Minister introduced The Kerala Societies Registration Bill, 2025, and moved that the Bill be referred to Subject Committee VIII on Economic Affairs. Shri Kadakampally Surendran, as authorised by Shri Xavier Chittilappilly, moved 1A amendment to circulate the Bill for eliciting public opinion, and Shri M. Rajagopalan moved 2B amendment to refer the Bill to a Select Committee and spoke.

(The motion for adjournment of the Assembly was taken up for consideration.)

*Discussion on Adjournment Motion:*

Shri Roji M. John moved the following motion and spoke: “ The House do now adjourn.” The following Members took part in the discussion:

Shri Xavier Chittilappilly

Shri Anoop Jacob

Shri E. Chandrasekharan

Shri N. Samsudheen

Dr. N. Jayaraj

Dr.. K. T. Jaleel

Smt. K. K. Rema

Shri Kadakampally Surendran

Dr. Mathew Kuzhalnadan

Shri K. P. Kunhammed Kutti Master

Shri Mathew T. Thomas

Shri K. V. Sumesh

Shri V. D. Satheesan, Leader of the Opposition.

The Chief Minister replied to the discussion on the adjournment motion.

(As a mark of protest against the stand taken by the Government, the Leader of the Opposition announced that the opposition parties would boycott the rest of the proceedings of Assembly and that two of their members would stage an indefinite Satyagraha at the entrance of the Assembly Hall on this issue. Following this, the Members belonging to the opposition parties made an uproar, shouted slogans, and boycotted the proceedings of the house.)

The motion was declared lost.

*Legislative Business (Continuation):*

Introduction and further stages of The Kerala Societies Registration Bill, 2025:

Shri M. Rajagopalan spoke on his 2B amendment to refer the Bill to a Select Committee, and Shri V. Sasi spoke in support of the amendment. After the reply by the Minister, the 1A and 2B amendments were withdrawn by the leave of the House. The motion to refer the Bill to Subject Committee VIII was then adopted, and the Bill was referred to Subject Committee VIII.

The House adjourned at 2.58 p.m. to meet again at 9.00 a.m. on Wednesday, September 17, 2025.

DR. N. Krishna Kumar,
*Secretary.*